(Pages : 4) **P – 2358**

**Reg. No. : .............................**

**Name : ..................................**

**Fifth Semester B.A. Degree Examination, December 2022**

**First Degree Programme under CBCSS**

**Malayalam : Language, Culture and Literature**

**Core Course VII**

**ML 1542: ചെറുകഥാപഠനം**

**(2018 Admission Onwards)**

Time : 3 Hours Max. Marks : 80

I. **ഒരു** വാക്കിലോ പരമാവധി **രണ്ടു** വാക്യത്തിലോ ഉത്തരം എഴുതുക.

1. അപസർപ്പക കഥ എന്നാൽ.

2. 'വാസനാവികൃതി' എന്ന ചെറുകഥ ഏതു ആനുകാലികത്തിലാണ് ആദ്യമായി പ്രസിദ്ധീകരിച്ചത്?

3. ചിത്രമൂല എവിടെ സ്ഥിതിചെയ്യുന്നു?

4. വി.കെ. എന്നിന്റെ മുഴുവൻ പേര്.

5. 'ചെറുകഥയുടെ ഛന്ദസ്സ്' എന്ന പഠനത്തിന്റെ രചയിതാവ്.

6. 'ഒറ്റവൈക്കോൽ വിപ്ലവം' എന്ന പ്രശസ്തമായ കൃതിയുടെ രചയിതാവാര്?

7. ''നമുക്ക് രക്ഷകന്മാരെ വേണം. ചോരയിലൂടെയോ, പ്രതാപത്തോടെയോ അവർ വരട്ടെ'' - ആരുടെ വാക്കുകൾ?

P.T.O.

8. ഏതു കഥയിലെ മുഖ്യകഥാപാത്രമാണ് 'ഭീകരമായ പടക്കളമാണ് തന്റെ ഹൃദയ'മെന്നു ചിന്തിച്ചത്?

9. എന്താണ് ബാക്ക് ടു ഫാം മൂവ്മെന്റ്?

10. 'ഏകസംബന്ധി ജ്ഞാനമപരസംബന്ധി സ്മാരക'മെന്ന ന്യായേന കള്ളന് ഓർമ്മ വന്നത് ഏത്?

**(10 × 1 = 10 Marks)**

II. **ഒരു** ഖണ്ഡികയിൽ കവിയാതെ **എട്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

11. 'ജന്മദിന'ത്തിൽ ബഷീർ ലോകത്തിന് നല്കുന്ന സന്ദേശവും അതിന്റെ പ്രസക്തിയും വിവരിക്കുക.

12. 'ഉളിപിടിച്ച കയ്യ്' എന്ന കഥയിലെ ഉക്കണ്ടക്കുറുപ്പ് കാര്യക്കാരുടെ സ്വഭാവസവിശേഷതകൾ ചുരുക്കി വിവരിക്കുക.

13. സ്വന്തം ആളുകളും തനിക്ക് ശത്രുക്കളാണല്ലോ എന്ന് ഉതുപ്പാൻ വ്യസനിച്ചതെപ്പോൾ?

14. 'ഒരക്ഷരം പോലും ആ കുറ്റക്കാരൻ മിണ്ടുന്നില്ല'. ആരാണ് കുറ്റക്കാരൻ? എന്താണ് കുറ്റം?

15. 'യാത്ര പറയാൻ ഒരാളുമില്ലല്ലോ' എന്ന് പ്രൊഫസർ നടാടെ ഖേദിച്ചതെപ്പോൾ?

16. ''അപ്പോ പെൺകുട്ടികൾ ഉദ്യോഗം നോക്കീട്ട് കൊണ്ടുവരണ്ടാന്ന് പറഞ്ഞു അച്ഛൻ'' - ആരോട്? സന്ദർഭം വിവരിക്കുക.

17. 'ഭയപ്പെട്ടു തൊണ്ടയടഞ്ഞതു കൊണ്ടാവാം. പ്രകൃതി തടഞ്ഞതാവാം. അഥവാ ആ കൈകളിൽ സുരക്ഷിതനാണെന്ന അവ്യക്തബോധം കൊണ്ടാകാം' - കഥാനായകന് അവിചാരിതമായി സംഭവിച്ചതെന്ത്? സന്ദർഭം സൂചിപ്പിക്കുക.

18. 'സംസ്കാരങ്ങൾ തകരുന്നത് കുട്ടികൾ അറ്റു തുടങ്ങുമ്പോഴാണ്'. ചൂളൈമേടിലെ ശവങ്ങൾ എന്ന കഥയിലെ ഈ പരാമർശത്തിലൂടെ കഥാകൃത്തായ എൻ.എസ്. മാധവൻ വിവക്ഷിക്കുന്നതെന്ത്?

19. 'വിവാഹപ്പിറ്റേന്നി'ലെ കഥാനായകന് പുരാതനറോമിലെ ക്രൂരവിനോദങ്ങൾ ഓർമ്മ വന്നതെങ്ങനെ?

20. ''ഞാൻ കേട്ടതെല്ലാം അമ്മമാരുടെ കരച്ചിലായിരുന്നു''വെന്ന് പട്ടാളക്കാരൻ പറഞ്ഞതെപ്പോൾ?

21. ''ഭാര്യ മരിച്ചയാൾക്ക് രണ്ടാമത് വിവാഹം കഴിക്കാൻ ബുദ്ധിമുട്ടുണ്ടാവില്ല. അല്ലേ?'' അലക്സിന്റെ ഈ വാക്കുകൾക്ക് കഥയിലെന്ത് പ്രാധാന്യമാണ് ഉള്ളത്?

22. ക്യാമറയുടെ മുന്നിൽ ചടഞ്ഞിരുന്നു മണ്ണു തിന്നുന്ന മാരനെ തൊഴിച്ചുയർത്താൻ കന്നടക്കാരന് തോന്നിയതിന്റെ കാരണമെന്ത്?

23. 'സ്ഥാവരം' എന്ന കഥ സമൂഹത്തിനു നല്കുന്ന സന്ദേശമെന്ത്?

24. 'ആർക്കറിയാം' എന്ന കഥയുടെ ബൈബിൾ പശ്ചാത്തലം വ്യക്തമാക്കുക.

25. 'നിന്റെ തീർത്ഥാടനത്തിനുള്ള സമയമായിരിക്കുന്നു'വെന്ന് മാധവിയോട് രവി പറഞ്ഞ സാഹചര്യം വ്യക്തമാക്കുക.

26. 'നെയ്പ്പായസം' എന്ന കഥയിലെ പിതാവിന് തന്റെ ഭാര്യയോട് അകാരണമായി ദേഷ്യം തോന്നാൻ കാരണമെന്ത്?

**(8 $\times$ 2 = 16 Marks)**

III. **നൂറ്റിയിരുപത്** വാക്കിൽ കവിയാതെ **ആറു** ചോദ്യത്തിന് ഉത്തരമെഴുതുക.

27. ആഗോളീകരണവും അതിന്റെ ഭാഗമായ ഉപഭോഗസംസ്കാരവും ഉപഭോക്താവിനെ ചൂഷണം ചെയ്യുമ്പോൾ മറുഭാഗത്ത് അതിനെ പ്രതിരോധിക്കുന്ന ആശയങ്ങളും പ്രവർത്തനങ്ങളും വളരുകയും ചെയ്യുന്നുണ്ട്. ഇത് എപ്രകാരമാണ് 'ഒറ്റവൈക്കോൽ വിപ്ലവ'മെന്ന കഥയിൽ ആവിഷ്കരിക്കുന്നത്?

28. ഒരു കള്ളനെ നായകനാക്കി അവതരിപ്പിക്കുന്നതിലൂടെ ആഖ്യാനത്തിൽ വലിയൊരു പരിവർത്തനം സൃഷ്ടിക്കുകയായിരുന്നു വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ - വിശകലനം ചെയ്യുക.

29. ദാരിദ്ര്യത്തെയും ഇല്ലായ്മകളെയും ചൂഷണാർത്ഥം ദൃശ്യവത്കരിക്കുന്ന മാദ്ധ്യമ അജണ്ടയെ വിമർശനവിധേയമാക്കുന്ന കഥയാണ് മണ്ണ് - വിലയിരുത്തുക.

30. ''അതെല്ലാം ജിഹ്വാക്ഷാളനത്തിനുപയോഗിച്ചിരുന്നെങ്കിൽ ഞാൻ നിർജിഹ്വനായേനെ'' - വിവാഹപ്പിറ്റേന്നിലെ കഥാനായകൻ ഇപ്രകാരം ചിന്തിച്ച് ആശ്വസിക്കാൻ കാരണം? കഥാകൃത്ത് ഇവിടെ പരിഹാസവിധേയമാക്കുന്നതെന്തിനെ?

31. ജീവിതയാഥാർത്ഥ്യങ്ങളുടെ കയ്പ് പുരണ്ട ആലേഖനമാകുന്നു എൻ.എസ്. മാധവന്റെ 'ചൂളൈമേടിലെ ശവങ്ങൾ' - വിലയിരുത്തുക.

32. 'അത് എന്റെ പൂച്ച പെറ്റതാണ്. മനുഷ്യക്കുട്ടിയുടെ കരച്ചിൽപോലെ തന്നെ തോന്നുന്നു, അല്ലേ?' എന്ന് വേശ്യാലയം നടത്തിപ്പുകാരി പറഞ്ഞതെപ്പോൾ? അതിനോട് പട്ടാളക്കാരൻ പ്രതികരിച്ചതെങ്ങനെ?

33. 'അനുദിനം പ്രശ്നസങ്കീർണ്ണമാകുന്ന ജീവിതത്തെ അവതരിപ്പിക്കുവാൻ പ്രത്യേക സാമർത്ഥ്യമുള്ള കഥാകൃത്താണ് എസ്.ആർ. ലാൽ' - നിരൂപിക്കുക.

34. മാനവികമല്ലാത്ത വികസനനയങ്ങൾ ശിഥിലമാക്കുന്ന സാധാരണക്കാരന്റെ സ്വപ്നങ്ങളെയാണ് 'ഉതുപ്പാന്റെ കിണർ' പ്രതിനിധാനം ചെയ്യുന്നത്. വിശദീകരിക്കുക.

35. നാഗരികജീവിതത്തിന്റെ വിഹ്വലതകളിൽ നിന്ന് നാട്ടിൽപുറത്തിന്റെ ശാലീനതയിലേക്കുള്ള മാധവിയുടെ തീർത്ഥാടനമാണ് 'ശ്രീപാർവ്വതിയുടെ പാദ'മെന്ന കഥയുടെ കേന്ദ്രപ്രമേയം - വിലയിരുത്തുക.

36. അവുസേപ്പ് ചേട്ടന് തന്റെ പ്രിയപ്പെട്ട കാളകളെ വിൽക്കേണ്ടിവന്നതിന്നു പിന്നിലുള്ള സാമൂഹികവും വ്യക്തിപരവുമായ സാഹചര്യം വ്യക്തമാക്കുക.

37. കോവിലന്റെ 'ശംഖ്' എന്ന കഥയുടെ ഇതിവൃത്തം ചുരുക്കിയെഴുതുക.

38. രാച്ചിയമ്മയും കഥാനായകനും തമ്മിലുള്ള ആത്മബന്ധം പ്രകൃതിയും മനുഷ്യനും തമ്മിലുളവാകേണ്ട പാരസ്പര്യം പോലെ ആർദ്രമാണ് - വിവരിക്കുക.

**(6 × 4 = 24 Marks)**

IV. **മൂന്നു** പുറത്തിൽ കവിയാതെ **രണ്ട്** ചോദ്യത്തിന് ഉത്തരമെഴുതുക.

39. സമൂഹത്തിലെ മുഖ്യധാരയിൽ നിന്നും പുറന്തള്ളപ്പെട്ടുപോയ രണ്ടുപേരുടെ അസ്ഥിത്വവ്യഥകളും ആത്മനൊമ്പരങ്ങളുമാണ് 'വാനപ്രസ്ഥം' പങ്കുവെക്കുന്നത് - വിശകലനം ചെയ്യുക.

40. വാസനാവികൃതി, ഉളി പിടിച്ച കയ്യ് എന്നീ ചെറുകഥകളുടെ അടിസ്ഥാനത്തിൽ ആദ്യകാല ചെറുകഥകളുടെ ഭാഷാപരവും സാഹിത്യപരവുമായ സവിശേഷതകൾ വിശദീകരിക്കുക.

41. വ്യവസ്ഥിതിയോടുള്ള പ്രതിഷേധം വർക്കിക്കഥകളുടെ മുദ്രയാണ്. 'ശബ്ദിക്കുന്ന കലപ്പ' എന്ന കഥയുമായി ഈ കാഴ്ചപ്പാട് പൊരുത്തപ്പെടുന്നതെങ്ങനെ?

42. ആഗോളീകരണം സമൂഹത്തിലേല്പിച്ച സാമൂഹികവും സാമ്പത്തികവുമായ ആഘാതത്തെ സമർത്ഥമായി അവതരിപ്പിക്കുന്ന കഥകളാണ് സ്ഥാവരം, മണ്ണ് എന്നിവ. വിലയിരുത്തുക.

43. 'ജന്മദിനം' എന്ന കഥ സമൂഹത്തിൽ നിലനില്ക്കുന്ന അസമത്വത്തോടും അനീതികളോടും രൂക്ഷമായി പ്രതികരിക്കുന്നതെങ്ങനെ? വിവരിക്കുക.

44. ആധുനികകാലഘട്ടത്തിൽ സ്ത്രീ എവിടെയും സുരക്ഷിതയല്ലെന്ന സന്ദേശമാണ് 'എറണാകുളം സൗത്ത്' എന്ന കഥ നല്കുന്നത്. കഥയെയും കാലഘട്ടത്തെയും വിശകലനം ചെയ്തുകൊണ്ട് നിങ്ങളുടെ കാഴ്ചപ്പാട് സമർത്ഥിക്കുക.

**(2 × 15 = 30 Marks)**